LIBRARY ARCHIVES Kerala Legislative Assembly

കൃഷിഭവനുകൾവഴിയുള്ള കാർഷിക പദ്ധതികൾ

151 [2772] ശ്രീ. എൻ. രാജൻ:

,, പി. എസ്. സുപാൽ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിഭവനുകളോടനുബന്ധിച്ച് ഇപ്പോൾ കാർഷിക വികസന സമിതികൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനക്ഷമമായ എത്ര സമിതികൾ ഇപ്പോൾ നിലവിലുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) ഓരോ സമിതിയും കഴിഞ്ഞ ഒരു വർഷം ശരാശരി എത്ര പ്രാവശ്യം വീതം യോഗം ചേർന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കാർഷികരംഗത്ത് കൃഷിഭവനുകൾ മുഖേന ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്താമോ;

(ഡി) കൃഷിഭവനുകളുടെയും കാർഷിക വികസന സമിതികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു എന്തെങ്കിലും നടപടികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രവർത്തനക്ഷമമായ 1040 കാർഷിക വികസനസമിതികൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) ശരാശരി 4 പ്രാവശ്യം വീതം യോഗം ചേർന്നിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്. കാർഷിക വികസന സമിതി കാര്യക്ഷമമാക്കുന്നതിനു രണ്ടു മാസത്തിൽ ഒരിക്കൽ നിർബന്ധമായി മീറ്റിംഗ് കൂടുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അത്യാവശ്യ സാഹചര്യങ്ങളിൽ പ്രത്യേക മീറ്റിംഗുകൾ വിളിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. പ്രസ്തുത മീറ്റിംഗുകളിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെക്കുറിച്ചും വിശദമായ ചർച്ച നടത്താറുണ്ട്.

നക്ഷത്ര ചിഹ്നമിടാത്ത 2746, 2750, 2762, 2768 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)